**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1607** **13-02-2025 - ൽ മറുപടിയ്ക്ക്**

**കേരഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | വടക്കാഞ്ചേരി മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളെയാണ് ഇതുവരെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയതെന്ന് വ്യക്തമാക്കാമോ; | (എ) | വടക്കാഞ്ചേരി മണ്ഡലത്തിലെ താഴെ പറയുന്ന പഞ്ചായത്തുകളെ ഇതുവരെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്<br><br>1. തെക്കുംകര<br><br>2. വടക്കാഞ്ചേരി മുനിസിപ്പാലിറ്റി<br><br>3. തോളൂർ<br><br>4. കോലഴി - മുളങ്കുന്നത്തുകാവ് |
| (ബി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് എന്തൊക്കെ പ്രവൃത്തികളാണ് മണ്ഡലത്തിൽ നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | കേരഗ്രാമം പദ്ധതിയുടെ ഭാഗമായി സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലുമാണ് ലക്ഷ്യം. ജൈവ വളങ്ങൾ, തെങ്ങിന്റെ മണ്ട വൃത്തിയാക്കി സസ്യ സംരക്ഷണ വസ്തുക്കൾ നൽകുക, സംയോജിത വളപ്രയോഗം, ഇടവിള കൃഷി, ജൈവികമായ മാലിന്യ സംസ്കരണം, പമ്പ് സെറ്റ് വിതരണം, തെങ്ങുകയറ്റ യന്ത്രം വിതരണം, കേര വികസന സമിതികൾക്കുള്ള പ്രവർത്തന ചിലവ്, സംഘാടന ചിലവുകൾക്കും മറ്റ് കൂട്ടായ്മയോടെയുള്ള കേര വികസന പ്രവർത്തനങ്ങൾ തുടങ്ങിയവ നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | മണ്ഡലത്തിലെ ഏതൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് കേരഗ്രാമം പദ്ധതി ഇതുവരെ നടപ്പിലാക്കാത്തതെന്നും അവിടെയൊക്കെ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോയെന്നും അറിയിക്കുമോ? | (സി) | മുണ്ടത്തിക്കോട്, അവണൂർ, അടാട്ട്, കൈപ്പറമ്പ് എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് ഇതുവരെ കേരഗ്രാമം പദ്ധതി നടപ്പിലാക്കാത്തത്. ഫണ്ടിന്റെ ലഭ്യത, പദ്ധതി മാനദണ്ഡങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് പദ്ധതിയിൽ പഞ്ചായത്തുകളെ ഉൾപ്പെടുത്തുന്നത്. |

സെക്ഷൻ ഓഫീസർ